## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1083 — 05-03-2018 -ൽ മറുപടിക്ക്

## കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. സ്വരാജ്**<br>**ശ്രീ. എസ്.രാജേന്ദ്രൻ**<br>**ശ്രീ. ആർ. രാജേഷ്**<br>**ശ്രീ. എൻ. വിജയൻ പിള്ള** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും**<br>**വകുപ്പ് മന്ത്രി)** |
| എ) | വേനൽക്കാലാരംഭത്തിൽ തന്നെ കടുത്ത വരൾച്ച നേരിടുന്ന സാഹചര്യത്തിൽ ഓരോ പ്രദേശത്തിന്റെയും ജലസമൃദ്ധി ഉറപ്പാക്കാൻ അവിടങ്ങളിലെ കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി റവന്യൂവകുപ്പ് മുഖാന്തിരം നടത്തുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) & ബി) | എറണാകുളം ജില്ലയിൽ കഴിഞ്ഞ വേനൽക്കാലത്ത് 'എന്റെ കുളം' പദ്ധതിയിൽ പ്പെടുത്തി 151 കുളങ്ങൾ നവീകരിച്ച് ഉപയോഗയോഗ്യമാക്കിയിരുന്നു. 'ഓപ്പറേഷൻ അനന്ത', 'അമൃത കലശം' എന്നീ പദ്ധതികളിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 2015-16 സാമ്പത്തിക വർഷത്തിൽ 67 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജലസമൃദ്ധി ഉറപ്പാക്കാൻ ജില്ലയിലെ കാവുകളേയും പൊതുകുളങ്ങളേയും സംരക്ഷിക്കുന്നതിന് 'ഹരിത കേരളം' പദ്ധതിയിലുൾപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ പൊതുവും സ്വകാര്യവുമായ ജലസ്രോതസ്സുകൾ (പാറക്കുളങ്ങൾ) ബന്ധപ്പെട്ട തഹസിൽദാർമാർ മുഖേന ഏറ്റെടുത്തിട്ടുള്ളതും അവയിൽ നിന്നുള്ള ജല ചൂഷണം തടയുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br>ഡാറ്റാബാങ്കിലും ബി.റ്റി.ആർ (ബേസിക് ടാക്സ് രജിസ്റ്റർ)-ലും നിലം/ തണ്ണീർത്തടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള കുളം ഉൾപ്പെടെയുള്ള എല്ലാ ഭൂമിയിലും പരിവർത്തനപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ ജില്ലാകളക്ടർമാർ സ്വീകരിച്ചുവരുന്നു. |
| ബി) | പൊതുകുളങ്ങളുടെയും കാവുകളുടെയും സംരക്ഷണത്തിനും സ്വകാര്യ ഉടമസ്ഥതയിലുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും റവന്യൂവകുപ്പ് മുഖാന്തിരം എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ, കാവുകൾ, ആൽത്തറകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ ആൽത്തറകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി സർക്കാർ പദ്ധതി ആവിഷ്കരിച്ച് റവന്യൂ (ദേവസ്വം) വകുപ്പ് മുഖേന ധനസഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ